**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3601** **26-10-2021 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ തിരക്ക് നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ തിരക്ക് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | അനുദിനം രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങളുടെ എണ്ണത്തിനനുസൃതമായി റോഡ് സൗകര്യം കുറവാണ് എന്നതാണ് വാഹന തിരക്ക് ഉയരുന്നതിനുള്ള പ്രധാന കാരണം. വാഹനങ്ങളുടെ വിൽപ്പനയിൽ ഉണ്ടാകുന്ന വർദ്ധനവ് നിയന്ത്രിക്കുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. എന്നാൽ നഗര പ്രദേശങ്ങളിൽ പൊതുഗതാഗത സൗകര്യം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വാഹനത്തിരക്ക് നിയന്ത്രിക്കുന്നതിനായി നഗരങ്ങളിലെ പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചുവരുന്നുണ്ട്. ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളിൽ നിന്നും പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് ഡ്യൂട്ടികൾക്കായി നിയോഗിക്കുന്നുണ്ട്. ട്രാഫിക് കേസുകളുടെ അന്വേഷണച്ചുമതല ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽനിന്നും ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റുകയും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്യുകയുമുണ്ടായി. ഇപ്രകാരം ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളെ ട്രാഫിക് എൻഫോഴ്സ്മെന്റിനും ട്രാഫിക് നിയന്ത്രണത്തിനും വേണ്ടി മാത്രമുള്ളതാക്കി മാറ്റുന്നതിലൂടെ ട്രാഫിക് നിയന്ത്രണം ശക്തമാക്കുവാനും അതുവഴി അപകടങ്ങളുടെ എണ്ണം കുറയ്ക്കുവാനും ഗതാഗതം സുഗമമാക്കുവാനും കഴിയുന്നതാണ്. കൂടാതെ ഗതാഗത കുരുക്ക് അനുഭവപെടുന്ന നഗരങ്ങളിൽ ഗതാഗത നിയന്ത്രണത്തിന് കൂടുതൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുകളെയും നിയോഗിച്ചും ട്രാഫിക് വാർഡൻമാരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തിയും വരുന്നു. സാധ്യമായ സ്ഥലങ്ങളിൽ റോഡുകൾ വൺവെ ആക്കി മാറ്റിയും |

| | | | |
|---|---|---|---|
| | | | ട്രാഫിക് ഡൈവെർഷൻ ഏർപ്പെടുത്തിയും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോൾ വാഹനങ്ങൾ ഏർപെടുത്തിയും അനധികൃതമായി റോഡിന്റെ ഇരുവശങ്ങളിലും പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചും Bus: Bay-കളിൽ തന്നെ ബസ് നിർത്തുന്നതിനും ആയതു ലംഘിക്കുന്നവർക്ക് എതിരേ നടപടികൾ സ്വീകരിച്ചും വരുന്നു. നഗരങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിയും വഴിയോര കച്ചവടങ്ങൾ നിയന്ത്രിച്ചും വാഹനങ്ങളുടെ സ്ഥലങ്ങൾ ക്രമീകരിച്ചും, പാർക്കിംഗിന് പ്രത്യകം ഡ്രൈവർമാർക്കും പൊതു ജനങ്ങൾക്കും വിദ്യാർഥികൾക്കും മീഡിയകൾ വഴിയും ട്രാഫിക് ബോധവൽകരണ ലഘു രേഖകൾ വിതരണം ചെയ്തും നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്കായി 43 ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ഘട്ടം ഘട്ടമായി അനുവദിക്കുന്നതിനുള്ള സമഗ്ര പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | നഗരങ്ങളിൽ തിരക്കുള്ള സമയങ്ങളിൽ റോഡിന്റെ വശങ്ങളിൽ വാഹനം പാർക്ക് ചെയ്യുന്നതിന് മറ്റ് രാജ്യങ്ങളിലേതുപോലെ "പാർക്കിംഗ് പോളിസി" നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | വാഹന പാർക്കിംഗ് സംബന്ധമായി മോട്ടോർ വാഹന വകുപ്പ് നയ രൂപീകരണം ചെയ്തിട്ടില്ല. പാർക്കിംഗ് പോളിസി സംബന്ധിച്ച വിഷയം നിലവിൽ കൈകാര്യം ചെയ്യുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പാണ്. നഗരങ്ങളിലെ പാർക്കിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന പാർക്കിംഗ് പോളിസി തയ്യാറാക്കുന്നതിന് NATPAC മായി ചർച്ചകൾ നടന്നുവെങ്കിലും, നിലവിൽ സംസ്ഥാനത്ത് പാർക്കിംഗ് പോളിസി നിലവിലില്ല. |
| (സി) | നഗരങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗിനായി സർക്കാർ മുൻകൈയെടുത്ത് നടത്തുന്ന പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (സി) | സ്മാർട്ട്സിറ്റി പ്രോജക്റ്റിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മൾട്ടി ലെവൽ പാർക്കിംഗ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൊച്ചിയിലെ കച്ചേരിപ്പടിയിലെ സഹകരണ വകുപ്പ് കെട്ടിടത്തോട് ചേർന്നുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സ്ഥലത്തും കെ.ടി.ഡി.സി. യുടെ ഉടമസ്ഥതയിലുള്ള ഷൺമുഖം റോഡിലെ ഒരു പ്ലോട്ടിലും മൾട്ടിലെവൽ കാർ പാർക്കിംഗ് നടപ്പിലാക്കാൻ കൊച്ചി സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ് പദ്ധതിയിട്ടിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട്സിറ്റിയുടെ ഭാഗമായി പാളയം'എ' ബ്ലോക്കിലും, തമ്പാനൂരിലും പബ്ലിക്ക് ഓഫീസിലും മൾട്ടിലെവൽ കാർ പാർക്കിംഗ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി നഗരങ്ങളിലെ |

| | | | | |
|---|---|---|---|---|
| | | | | വാഹന പാർക്കിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 74.05 കോടി രൂപയുടെ 7 മൾട്ടിലെവൽ പാർക്കിംഗ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം നഗരസഭാ അങ്കണത്തിൽ 7 നിലകളിലായി 102 കാറുകൾ പാർക്കു ചെയ്യുന്നതിനുള്ള മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം 5.64 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു. പുത്തരിക്കണ്ടം മൈതാനത്ത് 12 കോടി രൂപ ചെലവിൽ 6 നിലകളിലായി 210 കാറുകൾ പാർക്ക് ചെയ്യുന്നതിനും മെഡിക്കൽ കോളേജ് കാമ്പസിൽ 11 കോടി രൂപ ചിലവിൽ 7 നിലകളിലായി 202 കാറുകൾ പാർക്ക് ചെയ്യുന്നതിനുമുള്ള പദ്ധതികൾ നിലവിൽ നിർമ്മാണഘട്ടത്തിലാണ്. കൊല്ലം കോർപ്പറേഷനിൽ കൊല്ലം റെയിൽവേ സ്റ്റേഷനു സമീപം 10.91 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിൽ 224 കാറുകൾ പാർക്ക് ചെയ്യുവാൻ സാധിക്കും. ഇതിനായുള്ള കരാർ നടപടികൾ പൂർത്തിയായി. ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ റെയിൽവേ സ്റ്റേഷനു സമീപം ആന്ധ്രാപാർക്കിൽ 6 നിലകളിലായി 7 ബസ് , 37 മിനി ബസ്, 42 ഇരുചക്ര വാഹനങ്ങൾ, 357 കാറുകൾ എന്നിവ പാർക്കു ചെയ്യുന്നതിന് 25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മൾട്ടിലെവൽ പാർക്കിംഗ് പദ്ധതിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ ബാങ്ക് റോഡ്, റെയിൽവേ സ്റ്റേഷൻ പരിസരം, കളക്ടേറ്റ് പ്രദേശങ്ങളിലെ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിനായി 9.5 കോടി രൂപ ചെലവിൽ 185 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള 2 മൾട്ടിലെവൽ പാർക്കിംഗ് പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ